I/46199/2023

**കേരളസർക്കാർ**

**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**

**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**

**തമ്പാനൂർ, തിരുവനന്തപുരം-695001**

## വിജ്ഞാപനം

## കീം - 2023

## എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം-2023

## എൻ.ആർ.ഐ അന്തിമ കാറ്റഗറി ലിസ്റ്റ് പ്രസിദ്ധീകരിച്ചു

സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിലെ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലെ എൻ.ആർ.ഐ ക്വോട്ട സീറ്റുകളിലെ പ്രവേശനത്തിന് അർഹത നേടുന്നതിനായി പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റ് മുഖേന അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികളുടെ അന്തിമ കാറ്റഗറി ലിസ്റ്റ് www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. 29.07.2023 ന് പ്രസിദ്ധീകരിച്ച താത്കാലിക എൻ.ആർ.ഐ കാറ്റഗറി ലിസ്റ്റ് സംബന്ധിച്ച് 30.07.2023 **വൈകിട്ട് 3.00 മണി വരെ** പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഇ-മെയിൽ (ceekinfo.cee@kerala.gov.in) മുഖേന ലഭിച്ച സാധുവായ പരാതികൾ പരിശോധിച്ച ശേഷമാണ് എൻ.ആർ.ഐ അന്തിമ കാറ്റഗറി ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയുടെ 14.07.2023 തീയതിയിലെ ASC/100/23/MBBS/NRI മാർഗ്ഗ നിർദ്ദേശ പ്രകാരം വിസ കാലാവധിയിൽ ഇളവ് അനുവദിക്കപ്പെട്ട വിദ്യാർത്ഥികളിൽ അപേക്ഷയോടൊപ്പം സ്പോൺസറിൽ നിന്നുള്ള സത്യവാങ്മൂലം സമർപ്പിച്ച വിദ്യാർത്ഥികളെ എൻ.ആർ.ഐ കാറ്റഗറി ലിസ്റ്റിൽ താത്കാലികമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരം വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലെ രണ്ടാം ഘട്ട അലോട്ട്മെന്റിന്റെ ഓപ്ഷൻ കൺഫർമേഷന്റെ അവസാന തീയതിക്ക് മുമ്പായി കാലാവധിയുള്ള വിസ സമർപ്പിക്കാതിരുന്നാൽ താത്കാലികമായി അനുവദിക്കപ്പെട്ട എൻ.ആർ.ഐ കാറ്റഗറിയും എൻ.ആർ.ഐ ക്വോട്ട സീറ്റിൽ അലോട്ട്മെന്റ് ലഭിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത അലോട്ട്മെന്റും റദ്ദാകുന്നതാണ്.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

തിരുവനന്തപുരം

01-08-2023

**പ്രവേശന പരീക്ഷാ കമ്മീഷണർ**

Signed by
Arun K Vijayan
Date: 01-08-2023 09:20:19